**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2825** **13-12-2022 - ൽ മറുപടിയ്ക്ക്**

**വയനാട്-കാസർഗോഡ് പവർ ഹൈവേ പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വയനാട്-കാസർഗോഡ് 400 കെ.വി. പവർ ഹൈവേ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (എ) | നോർത്ത് ഗ്രീൻ കോറിഡോർ' പദ്ധതിയുടെ ഭാഗമായ വയനാട്, പയ്യമ്പിള്ളി മുതൽ കാസറഗോഡ്, കരിന്തളം വരെയുള്ള 125 കി മി 400 കെ വി ലൈനിന്റെ നിർമ്മാണം ചെന്നൈ ആസ്ഥാനമായ ലാർസൻ & ടൂബ്രോ ലിമിറ്റഡ് എന്ന കമ്പനിക്ക് കരാർ 19/04/2022 - ൽ നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. വയനാട് ജില്ലയിലും, കാസർഗോഡ് ജില്ലയിലും ടവറുകളുടെ ഫൗണ്ടേഷൻ ജോലികൾ പുരോഗ മിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏറ്റെടുക്കുന്ന സ്ഥലത്തിന് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; അതിന്റെ വിശദാംശം അറിയിക്കാമോ; | (ബി) | വയനാട് മുതൽ കാസറഗോഡ് വരെയുള്ള ലൈനിന്റെ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കേണ്ടതില്ല. എന്നാൽ നോർത്ത് ഗ്രീൻ കോറിഡോർ പദ്ധതിയുമായി ബന്ധപ്പെട്ട് പയ്യമ്പിള്ളിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന 400 കെ വി സബ്സ്റ്റേഷന്റെ നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. നടപടികളുമായി മുന്നോട്ടു പോകുന്നു.<br><br>പ്രസരണ ലൈൻ കടന്നുപോകുന്ന സ്ഥലം ഏറ്റെടുക്കേണ്ടതില്ല. മറിച്ച് ലൈൻ കടന്നു പോകുന്ന സ്ഥലത്തിന് നഷ്ടപരിഹാരം നൽകുകയാണ് ചെയ്യുന്നത്. നിലവിൽ നഷ്ടപരിഹാരം നൽകുന്നത് ട്രാൻസ്മിഷൻ ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ *(MoP)* മാനദ ണ്ഡങ്ങൾ അനുസരിച്ചാണ്. പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം ടവർ സ്ഥാപിക്കുന്ന സ്ഥലത്തിന് ഭൂമിയുടെ ന്യായവിലയുടെ *85* ശതമാനവും പ്രസരണ ലൈൻ കടന്നുപോകുന്നഇടനാഴിക്ക് ഭൂമിയുടെ ന്യായവിലയുടെ *15* ശതമാനവും നഷ്ടപരിഹാരമായി നൽകു ന്നതാണ്. കൂടാതെ ലൈൻ കടന്നു പോകുന്ന സ്ഥലം പ്രഖ്യാപിത നഗരപരിധിയിൽ ആണെങ്കിൽ |

| | | | |
|---|---|---|---|
| | | | ലൈൻ കടന്നുപോകുന്ന ഇടനാഴിക്ക് ഭൂമിയുടെ ന്യായവിലയുടെ 15 ശതമാനം അധികം നഷ്ടപരിഹാരമായി നൽകുന്നതാണ്. ലൈൻ കടന്നു പോകുന്ന ഇടനാഴിയിലുള്ള വിളകൾക്കും മരങ്ങൾക്കും നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം നൽകുന്ന നഷ്ടപരിഹാര തുകയ്ക്ക് പുറമെയാണിത്. |
| (സി) | കിഫ്ബിയിൽ നിന്ന് പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത പദ്ധതിക്ക് ക്ഫിബിയിൽ നിന്ന് തുകയൊന്നും അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ